# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## <u>പോലീസിൽ നിന്നും മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ നടപടി</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5044. 27/6/2019-ൽ മറുപടിക്ക്**

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.റ്റി.വി.രാജേഷ്**
**ശ്രീ.പി.ടി.എ. റഹീം**
**ശ്രീ.എം. രാജഗോപാലൻ**
**ശ്രീ.സി.കെ. ഹരീന്ദ്രൻ**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസ് സംവിധാനം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ആധുനിക പോലീസ് സംവിധാനം വാർത്തെടുക്കാൻ പര്യാപ്തമാകും വിധം പരിശീലന പരിപാടിയിൽ സമഗ്രമാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | സംസ്ഥാന പോലീസിന്റെ പ്രവർത്തനങ്ങളും സേവനങ്ങളും അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നിരവധി പരിഷ്കരണ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>അത്യാധുനിക പോലീസ് കൺട്രോൾ റൂമുകൾ (ഡയൽ 112 സംവിധാനം) സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.<br>അത്യാധുനിക രീതിയിലും അന്തരാഷ്ട്ര നിലവാരമുള്ള ചോദ്യം ചെയ്യൽ മുറി സ്ഥാപിച്ചിട്ടുണ്ട്.<br>പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്.<br>സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പിങ്ക് പട്രോൾ സംവിധാനം ഏർപ്പെടുത്തി.<br>ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നിന്നും കേസന്വേഷണ ചുമതല മാറ്റി ലോക്കൽ പോലീസിന് കൈമാറി ട്രാഫിക് എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കി.<br>സൈബർ കുറ്റകൃത്യങ്ങൾ മുൻകൂട്ടി കണ്ടെത്താനും തടയാനുമായി സൈബർ ഡോമുകൾ സ്ഥാപിച്ചു. |

| | | | |
|---|---|---|---|
| | | | ആധുനിക സൗകര്യങ്ങളോടുകൂടിയ ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ പോലീസ് സേനയ്ക്ക് ലഭ്യമാക്കി.<br>Bodyworn ക്യാമറകളും, വാഹനങ്ങളിൽ ഉറപ്പിക്കുന്ന ക്യാമറകളും ലഭ്യമാക്കി.<br>പൊതുജനങ്ങൾക്ക് തങ്ങളുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കുവാനുള്ള "തുണ" എന്ന സംവിധാനമൊരുക്കി.<br>പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ( ബി) | പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, സ്ത്രീകൾ, വയോജനങ്ങൾ തുടങ്ങി സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് പോലീസിന്റെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; | (ബി) | ഉണ്ട്. എസ്.സി-എസ്.ടി മോണിറ്ററിംഗ് കമ്മിറ്റി, ട്രൈബൽ ജനമൈത്രി, വനിതാ ഹെൽപ്പ് ഡെസ്ക്, വനിതകൾക്കുവേണ്ടി സെൽഫ് ഡിഫൻസ് എന്നീ പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇതിനുപുറമേ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CCPWC പ്രോജക്ട്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പിങ്ക് പട്രോൾ പോലെയുള്ള പ്രത്യേക പദ്ധതികൾ ഫലപ്രദമായി നടക്കുന്നുണ്ടോ; പോലീസിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ; | (സി) | പിങ്ക് പോലീസ് പട്രോൾ പോലെയുള്ള പ്രത്യേക പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. പോലീസിലെ വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ 10 ശതമാനമായും തുടർന്ന് 25 ശതമാനമായും വർദ്ധിപ്പിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. വനിതാ ബറ്റാലിയന്റെ ആസ്ഥാനമായി തിരുവനന്തപുരത്ത് മേനംകുളത്ത് 10 ഏക്കർ സ്ഥലം സർക്കാർ നൽകിയിട്ടുള്ളതും, ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. 2019-20 ബഡ്ജറ്റിൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾ പ്രഖ്യാപിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പരാതി നൽകുന്നതിനുൾപ്പെടെ പോലീസിൽ നിന്നുലഭിക്കുന്ന വിവിധ സേവനങ്ങൾക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി സുതാര്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (ഡി) | ഉണ്ട്. പേലീസിലെ ഓൺലൈൻ സേവനങ്ങൾ (ഓൺലൈനായി പരാതി നൽകൽ, എംപ്ലോയി വെരിഫിക്കേഷൻ, മൈക്ക് പെർമിഷൻ, NOC അപേക്ഷ, സ്വഭാവ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ , സമ്മേളനങ്ങൾ, പ്രകടനങ്ങൾ, സമരങ്ങൾ എന്നിവയ്ക്കുള്ള അനുമതി അപേക്ഷ മുതലായവ) THUNA പോർട്ടൽ വഴി ലഭ്യമാക്കി വരുന്നു. പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിൽ, e-VIP (പാസ്പോർട്ട് വെരിഫിക്കേഷൻ), CCTNS സംവിധാനം, വിവിധ മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവയും പ്രധാന പങ്കു വഹിക്കുന്നു. |
| (ഇ) | പൊലീസിലെ അഴിമതി തുടച്ചുമാറ്റാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (ഇ) | അഴിമതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പോലീസുദ്യോഗസ്ഥർ നടത്തുന്നുണ്ടോ എന്നത് സംബന്ധിച്ച് രഹസ്യാന്വേഷണ വിഭാഗത്തിന്റെ സഹായത്തോടെ രഹസ്യ നിരീക്ഷണം നടത്തിയും, മേലുദ്യോഗസ്ഥർ തുടർ പരിശോധനകൾ നടത്തിയും അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ആഭ്യന്തര വിജിലൻസ് സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് ഓഫീസുകളിലും പൊതുജന ശ്രദ്ധയ്ക്കായി അഴിമതിക്കെതിരെ സന്ദേശങ്ങളും, ഇക്കാര്യത്തിൽ പരാതികൾ നൽകുന്നതിനാവശ്യമായ ഫോൺ നമ്പരും മറ്റും പ്രദർശിപ്പിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ